പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2229 | 05.12.2018 ൽ മറുപടിക്ക്

## സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പണി പൂർത്തീകരിച്ച സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ ആറ് നിലകളുള്ള പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പിൽ നിന്ന് ആരോഗ്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിനകത്ത് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം. വകയിരുത്തിയ അഞ്ചു കോടി രൂപ ഉപയോഗിച്ച് നിർമ്മിതി കേന്ദ്രം മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വർദ്ധന അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി ടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചു നൽകിയ തസ്തികകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1
2. ജൂനിയർ കൺസൾട്ടന്റ് (ഡർമറ്റോളജി) - 1
3. ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) - 1
4. ഇ.സി.ജി. ടെക്നീഷ്യൻ - 1
5. ദന്തൽ മെക്കാനിക്ക് - 1
6. ദന്തൽ ഹൈജീനിസ്റ്റ് - 1
7. റേഡിയോഗ്രാഫർ - 1
8. എക്സ്റേ അറ്റൻഡർ - 1
9. സ്റ്റാഫ് നഴ്സ് - 6 (G.O (MS) No. 101/2017/DHS , dated 28-06-17)
10. പി.എസ്.കെ. - 1
11. ലാബ് ടെക്നീഷ്യൻ - - 1 (G.O (MS) No. 101/2017/DHS , dated 28-06-17)

സെക്ഷൻ ഓഫീസർ